**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **12-02-2025 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തികയുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2001 ലെ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾ പ്രകാരം ഹയർസെക്കൻഡറി അധ്യാപക തസ്തികകളുടെ അടിസ്ഥാന യോഗ്യതയിൽ മറ്റ വിഷയങ്ങളിലെ ബിരുദാനന്തര ബിരുദമോ, പിജി ഡിപ്ലോമയോ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഷയത്തിലെന്ന് വ്യക്തമാക്കാമോ; | (എ) | The Kerala Higher Secondary Education State & Subordinate Service Rules, 2001 പ്രകാരം HSST / HSST Jr Computer Science, Computer Application എന്നീ വിഷയങ്ങളിൽ ടി തസ്തികകളുടെ അടിസ്ഥാന യോഗ്യതയുടെ അഭാവത്തിൽ മറ്റ് വിഷയങ്ങളിലെ ബിരുദവും, പി.ജി ഡിപ്ലോമയും യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിലേക്ക് 2001 ലെ സ്പെഷ്യൽ റൂൾ പ്രകാരം വിജ്ഞാപനം വിളിക്കണമെന്ന എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഉദ്യോഗാർത്ഥികളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇറക്കിയ ഉത്തരവിനു പുറമെ ടി തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് മറ്റ കോടതി ഉത്തരവുകൾ ഉണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്.<br><br>ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA – 1008/2024 നമ്പർ കേസിലെ 30/10/2024 ലെ വിധിന്യായത്തിനു പുറമെ, യോഗ്യതാ ഭേദഗതിയുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA (EKM) 2324/2018 നമ്പർ കേസിൽ 22/02/2022 തീയതിയിലും വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട ഫയൽ നിയമസഭ വിഷയനിർണ്ണയ കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | 19/07/2010 ലെ 11884/ആർ1/2007/ഉ.ഭ.പ.വ. നമ്പർ സർക്കുലറിലെ നടപടിക്രമങ്ങൾ പാലിച്ചാണ് The Kerala Higher Secondary Education State & Subordinate Service (Amendment) Rules, 2024 (സ്പെഷ്യൽ റൂൾ ഭേദഗതി) പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ സർക്കുലറിലെ നടപടിക്രമം (vii) പ്രകാരം കോടതിവിധിയുടെ അടിസ്ഥാനത്തിൽ സമയപരിധി പാലിക്കേണ്ടതുള്ളതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും, അതേ സമയം തന്നെ സ്പെഷ്യൽ റൂൾ ഭേദഗതി ബഹു. കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ